ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

# A2-ബൈബിൾ

## പാഠം 1 - എന്തുകൊണ്ടാണ് ബൈബിൾ വിശ്വസിക്കുന്നത്?

**വായനഭാഗം:**
**1 പത്രോസ് 1: 22 – 25**

**താക്കോൽ വാക്യം:**
**"സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ, നിന്റെ വചനം സത്യം ആകുന്നു". യോഹന്നാൻ 17:17**

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങളോട് ഇങ്ങനെ ചോദിക്കപ്പെടാൻ സാധ്യതയുണ്ട്, "എന്തുകൊണ്ടാണ് നിങ്ങൾ ബൈബിൾ വിശ്വസിക്കുന്നത്?" അല്ലെങ്കിൽ, "അത് സത്യമാണെന്ന് നിങ്ങൾക്ക് എങ്ങനെ ഉറപ്പിക്കാം?" ഈ ചോദ്യങ്ങൾക്ക് ഉത്തരം ആയിട്ട് ഇതാ ബൈബിളിന്റെ രചയിതാവ് ദൈവമാണെന്ന് തെളിയിക്കുവാൻ നമുക്ക് കഴിയുമെങ്കിൽ അത് എത്ര എളുപ്പമായിരുന്നു. പക്ഷേ അത് സാധ്യമല്ല! ദൈവത്തിന്റെ സൃഷ്ടി, കർത്താവായ യേശുവിന്റെ പുനരുത്ഥാനം, ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുക എന്നിവയെല്ലാം കാഴ്ചയിലൂടെയോ ശാസ്ത്രീയ തെളിവുകളിലൂടെയോ അല്ല. മറിച്ച് ഇത് വിശ്വാസത്താൽ അംഗീകരിക്കേണ്ട കാര്യങ്ങളാണ്. ദൈവം ആവശ്യപ്പെടുന്ന പ്രതികരണമാണ് വിശ്വാസം. *(എബ്രായർ 11:6)* ബൈബിൾ മുഴുവനും ദൈവ വചനമാണെന്ന വിശ്വാസത്താൽ നാം അംഗീകരിക്കണം.

വിശ്വാസം എന്നാൽ നിങ്ങൾ ബുദ്ധിപരമായി ചിന്തിക്കുന്നത് ഉപേക്ഷിക്കുക എന്നല്ല. ബൈബിൾ ദൈവവചനമാണെന്ന് നാം വിശ്വസിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാൻ നമ്മെ സഹായിക്കുന്ന ഉപയോഗപ്രദമായ വസ്തുതകളുണ്ട്.

### 1) ബൈബിൾ അതിന്റെ നിസ്തുല്യതയെ സ്വയം പ്രഖ്യാപിക്കുന്നു.

മുമ്പുള്ള പഠനങ്ങളിൽ, പഴയനിയമത്തിൽ ***"യഹോവ ഇപ്രകാരംപറയുന്നു"*** എന്ന വാചകം പതിവായി ഉപയോഗിക്കുന്നതായി വിശദീകരിച്ചിട്ടുണ്ട്. ***(ആമോസ് 1: 3, 6, 9)*** കർത്താവായ യേശു തന്നെ, പഴയ നിയമത്തിൽ നിന്ന് പലപ്പോഴും ഉദ്ധരിച്ചിട്ടുണ്ട് ***(മർക്കോസ്7: 6, 7, 10)*** കർത്താവായയേശുവിന്റെ മറ്റൊരു സാക്ഷ്യം താക്കോൽ വാക്യത്തിൽ നൽകിയിരിക്കുന്നു. തന്റെ എഴുത്തുകൾ കർത്താവാണ് തനിക്ക് നൽകിയതെന്ന് പൗലോസ് വിശദീകരിച്ചിട്ടുണ്ട്. ***(1 തെസ്സലൊനീക്യർ 4:15)*** ബൈബിളിന്റെ സത്യത്തെക്കുറിച്ച് ഉറപ്പുള്ളവരായിരിക്കാൻ അത്തരം അവകാശവാദങ്ങൾ നമ്മെ സഹായിക്കുന്നു. പൗലോസ് എഴുതി "ദൈവം…ഒരിക്കലും കള്ളം പറയില്ല…".***(തീത്തോസ്1:2)*** ദൈവം സത്യമാണെന്ന് നമുക്കറിയാം; അതുകൊണ്ട് ബൈബിൾ അവന്റെ വചനമാണെന്നും സത്യമാണെന്നും ഉള്ള ഉറപ്പും വിശ്വാസവും നമുക്കുണ്ട്!

### 2) യാഥാർഥ്യമായിട്ടുള്ള നിരവധി പ്രവചനങ്ങൾ ബൈബിളിൽ ഉൾപ്പെട്ടിരിക്കുന്നു.

കർത്താവായ യേശുവിന്റെ ജനനത്തെയും മരണത്തെയും കുറിച്ചുള്ള പഴയനിയമത്തിൽ നിന്നുള്ള പ്രവചനങ്ങൾ നമ്മൾ ഇതിനകം പര്യവേക്ഷണം ചെയ്തിട്ടുണ്ട്, അവ നൂറുകണക്കിന് വർഷങ്ങൾക്ക് ശേഷം നിവൃത്തിയേറിയപ്പോൾ പൂർണ്ണമായും കൃത്യമാണെന്ന് തെളിഞ്ഞു. ഭൂമിയിലെ യേശുവിന്റെ പ്രവൃത്തിയും യെശയ്യാവ് വിശദീകരിച്ചു. ***(യെശയ്യാവ്61: 1, 2)*** പ്രത്യേകിച്ചും, മത്തായി പ്രവചനങ്ങളുടെ നിവൃത്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും പലപ്പോഴും ഒരു സംഭവത്തെക്കുറിച്ചുള്ള തന്റെ വിവരണം പൂർത്തീകരിക്കുന്നതു ഇങ്ങനെയാണ് ***"കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തത് നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു".(മത്തായി 1:23 )***, ബൈബിളിൽ ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങൾ അടങ്ങിയിരിക്കുന്നു ***(വെളിപാട് 5: 16)*** ഇവയും നിവൃത്തിയേറുമെന്ന് നമുക്ക് ഉറപ്പുള്ളവരായിരിപ്പാൻ കഴിയും കാരണം ബൈബിൾ ദൈവവചനമാണ്.

### 3) ബൈബിൾ കാലത്തിന്റെ പരീക്ഷണങ്ങളിൽ ഉറച്ചു നിന്നു.

പത്രോസ് എഴുതി ***"കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു." (1 പത്രോസ് 1:25)*** കർത്താവായ യേശുവും പറഞ്ഞു, ***"ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല". (മത്തായി 24:35)*** ചരിത്രത്തിൽ ചിലപ്പോഴൊക്കെ ബൈബിളിനെ പൂർണമായി നശിപ്പിക്കുവാൻ വലിയ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഉദാഹരണത്തിന്, 16-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ, ടിൻഡേൽ ആദ്യത്തെ ഇംഗ്ലീഷ് പുതിയ നിയമങ്ങളിലൊന്ന് നിർമ്മിച്ചപ്പോൾ, അതിനെ നശിപ്പിക്കുവാൻ അത് കീറുകയും തീച്ചൂളയിൽ ഇടുകയാണ് ചെയ്തത്.. മറ്റു പല രാജ്യങ്ങളിലും ബൈബിൾ നിരോധിക്കുകയോ കത്തിക്കുകയോ കുഴിച്ചിടുകയോ ചെയ്തിട്ടുണ്ട്. ഇന്ന്, ബൈബിൾ വിൽക്കാനോ പരസ്യമായി വായിക്കാനോ കഴിയാത്ത നിരവധി രാജ്യങ്ങളുണ്ട്. എന്നാൽ ബൈബിൾ ഈ എല്ലാ എതിർപ്പുകളെയും അതിജീവിച്ച് ഇപ്പോൾ ലോകവിപണിയിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന പുസ്തകം ബൈബിൾ ആണ് !



യെരീഹോവിലെ അവശിഷ്ടങ്ങൾ

### 4) ബൈബിൾ പുരാവസ്തു ശാസ്ത്രത്തിനാൽ സ്ഥിരീകരിക്കപ്പെട്ടു.

പുരാവസ്തു ഗവേഷണത്തിലൂടെ നിങ്ങൾക്ക് ബൈബിൾ തെളിയിക്കാൻ കഴിയില്ലെന്ന് ഒരു പ്രമുഖ പുരാവസ്തു ഗവേഷകൻ പറഞ്ഞിട്ടുണ്ട്. മറിച്ച് പുരാവസ്തു ശാസ്ത്രം അത് തെളിയിക്കുന്നു അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം മിഡിൽ ഈസ്റ്റിലെ പുരാവസ്തു ഖനനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു, അവിടെ ബൈബിളിൽ പറഞ്ഞിട്ടുള്ള നിരവധി പുരാവസ്തുക്കൾ ലഭിച്ചിട്ടുണ്ട്, എന്നാൽ ബൈബിളിന് വിരോധമായി യാതൊന്നും ലഭിച്ചിട്ടില്ല !

### 5) ബൈബിൾ വ്യക്തിജീവിതത്തിൽ സ്വാധീനം ചെലുത്തുന്നുണ്ട്.

മേൽപ്പറഞ്ഞകാര്യങ്ങൾ ബൈബിളിലെ സത്യത്തെ പിന്തുണയ്ക്കുന്ന ശരിയായ വാദങ്ങളാണ്. എന്നിരുന്നാലും, ആളുകൾ സന്ദേശത്തിന്റെ സത്യാവസ്ഥ സ്വയം വായിക്കുകയും അന്വേഷിക്കുകയും ചെയ്യുമ്പോഴാണ് അതിന്റെ യാഥാർത്ഥ്യം അവർ കണ്ടെത്തുന്നത്. ഉദാഹരണത്തിന്, ബെരോവയിലുള്ള ആളുകൾ പൗലോസിന്റെ പഠിപ്പിക്കലുകൾ പഴയനിയമ തിരുവെഴുത്തുകളുമായി താരതമ്യം ചെയ്തുകൊണ്ട് പരിശോധിച്ചു. *(**പ്രവൃത്തികൾ** 17: 10 – 12 വായിക്കുക)*

ക്രിസ്തു നമുക്കുവേണ്ടി ചെയ്ത കാര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ വ്യക്തിപരമായ അനുഭവവും അവന്റെ വചനം ഓരോ ദിവസവും നമ്മെ എങ്ങനെ നയിക്കുന്നു എന്നതും ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ബൈബിളിന്റെ വിശ്വാസ്യതയുടെയും പ്രസക്തിയുടെയും തെളിവാണ്. മാറിയ ജീവിതം ബൈബിൾ സജീവവും ശക്തവുമാണെന്നതിന്റെ ശക്തമായ തെളിവാണ്.

പത്രോസ് എഴുതിയത് ഇങ്ങനെയാണ് ***"നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൌമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ" (1പത്രോസ് 3:15)*** ആരെങ്കിലും നിങ്ങളെ വെല്ലുവിളിച്ചാൽ, ബൈബിളിലെ സത്യത്തെ പ്രതിരോധിക്കാൻ നിങ്ങൾക്ക് കഴിയുമോ?

**ഇത് ബൈബിൾ എന്ന പഠനത്തിലെ രണ്ട് യൂണിറ്റുകളിൽ രണ്ടാമത്തേതാണ്**

# ബൈബിൾ ടൈം
## സമഗ്ര പഠനം

bible educational services

# A2-ബൈബിൾ

## പാഠം 2 - ബൈബിൾ എന്തിനു അനുസരിക്കണം?

**വായനഭാഗം:**
യാക്കോബ് 1: 19 – 25

**താക്കോൽ വാക്യം:**

**"ആകയാൽ എന്റെ: ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു." മത്തായി 7:24**

നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നമ്മെ സഹായിക്കുന്നതിന് ബൈബിൾ വായിക്കേണ്ടതിന്റെയും പഠിക്കേണ്ടതിന്റെയും പ്രാധാന്യം ഈ പഠനങ്ങൾ മൂലം നമ്മെ സഹായിച്ചു. എന്നിരുന്നാലും, ബൈബിൾ വായിക്കുകയും അതിനെക്കുറിച്ച് അറിവ് നേടുകയും ചെയ്യുക എന്നതല്ല ഉദ്ദേശിക്കുന്നത് ബൈബിളിന്റെ പഠിപ്പിക്കലുകൾ നമ്മുടെ പ്രവൃത്തിയിൽ കൊണ്ടുവരേണ്ടതാണ്. നമ്മുടെ വിശ്വാസം നമ്മുടെ പ്രവൃത്തികളിലൂടെ എങ്ങനെ പ്രകടമാക്കണമെന്ന് യാക്കോബിന്റെ ലേഖനം ഊന്നിപ്പറയുന്നു. *(യാക്കോബ് 2:14, 17)*



### നമ്മുടെ ജീവിത ശൈലിയെ ബൈബിൾ സ്വാധീനിക്കുന്നു.

കൃത്യമായ കാരണങ്ങൾക്കു വേണ്ടി ബൈബിൾ വായിക്കുന്നതിന്റെ ആവശ്യകതയെകുറിച്ചാണ് വായനാഭാഗത്തു യാക്കോബ് പഠിപ്പിക്കുന്നത്. കേവലം ജിജ്ഞാസ കൊണ്ടോ വിനോദത്തിനോ വേണ്ടിയല്ല, പിന്നെ നമ്മൾ എങ്ങനെ ജീവിക്കണം എന്നറിയാനുള്ള ആഗ്രഹത്തോടെയാണ് വായിക്കേണ്ടത്. ബൈബിൾ വായിക്കുകയോ പ്രാർത്ഥിക്കുകയോ സഭയിൽ പോകുകയോ ചെയ്യുന്നതിനാൽ നമ്മുടെ ജീവിതം ശരിയായി ആണ് പോകുന്നത് എന്ന് ചിന്തിക്കരുത് എന്നാണ് യാക്കോബ് പറയുന്നത്! 19-ാം വാക്യത്തിൽ, കോപിക്കുന്നതിന്റെ അപകടത്തെക്കുറിച്ചും 21-ാം വാക്യത്തിൽ ദുഷ്ടതയുടെ ആധിക്യത്തെക്കുറിച്ചും താൻ പറയുന്നുണ്ട്. നമ്മിൽ നട്ടുപിടിപ്പിച്ച വചനത്തെ താഴ്മയോടെ സ്വീകരിക്കുക എന്നതാണ് യാക്കോബിന്റെ ഉത്തരം. ബൈബിൾ വായനയിലൂടെയും ധ്യാനത്തിലൂടെയും ഇത് സംഭവിക്കുന്നു. ഈ കാര്യങ്ങൾ ചെയ്യുമ്പോൾ, സാത്താന്റെയും ലോകത്തിന്റെയും നമ്മുടെ സ്വന്തം പാപപൂർണമായ ജഡത്തിന്റെയും ദുഷിച്ച സ്വാധീനങ്ങളെ ചെറുത്തു നിൽക്കാൻ കഴിയും എന്നാണ് യാക്കോബ് പറയുന്നത്. ദൈവ വചനത്തെ അവഗണിക്കുന്ന ക്രിസ്ത്യാനികൾ തങ്ങളുടെ ദൈനംദിന ജീവിതത്തിൽ വിശുദ്ധി നിലനിർത്താൻ പാടുപെടുന്നതിൽ അതിശയിക്കാനില്ല.

### നാം ആരാണെന്ന് ബൈബിൾ വെളിപ്പെടുത്തുന്നു.

യാക്കോബ് ബൈബിളിനെ ഒരു കണ്ണാടിയോട് ഉപമിക്കുന്നു. *(യാക്കോബ് 1:23 – 25)* നാം കണ്ണാടിയിൽ നോക്കുമ്പോൾ മുഖത്ത് വൃത്തികെട്ട പാടുണ്ടെന്ന് മനസ്സിലാക്കുമ്പോൾ, നാം അത് കഴുകിക്കളയുന്നു. നമ്മൾ



എങ്ങനെയാണോ കാണപ്പെടേണ്ടത് എന്നതിനെയും നമ്മൾ ഇപ്പോൾ എങ്ങനെയായിരിക്കണം എന്നതുമായി താരതമ്യം ചെയ്യുന്നു, എന്തെങ്കിലും തെറ്റുണ്ടെങ്കിൽ,അതിനെ ശരിയാക്കുവാൻ ശ്രമിക്കുകയും ചെയ്യും. യാക്കോബ് നമ്മെ പഠിപ്പിക്കുന്നത് നാം തിരുവെഴുത്തുകൾ സൂക്ഷ്മമായി പരിശോധിക്കുകയും, ദൈവത്തെ പ്രസാദിപ്പിക്കുന്ന വിധത്തിലല്ല നാം ജീവിക്കുന്നതെന്ന് കണ്ടെത്തുകയും ചെയ്താൽ, അത് അവഗണിക്കരുത്, അത് തിരുത്തുവാൻ ശ്രമിക്കണം എന്നാണ് പഠിപ്പിക്കുന്നത്.

വായന ഭാഗത്തു രണ്ട് മനുഷ്യരെ തമ്മിൽ താരതമ്യം ചെയ്യുന്നു. ആദ്യ മനുഷ്യൻ തിടുക്കത്തിൽ അശ്രദ്ധമായി കണ്ണാടിയിലേക്ക് നോക്കുന്നു. അവന്റെ മുഖത്തെ പാടുകൾ ശ്രദ്ധിക്കുന്നതിനു പകരം, അവ പോകുകയും താൻ കണ്ടത് പെട്ടെന്ന് മറക്കുകയും ചെയ്യുന്നു, കാര്യങ്ങൾ പഴയതുപോലെ തന്നെ തുടരുന്നു. അവൻ ബൈബിൾ വായിക്കുന്ന ഒരു വ്യക്തിയെപ്പോലെയാണ്, എന്നാൽ താൻ പഠിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുന്നില്ല.

രണ്ടാമത്തെ മനുഷ്യൻ കേവലം ദൈവ വചനത്തിലേക്ക് നോക്കുക മാത്രമല്ല, തന്റെ മുഴുവൻ ശ്രദ്ധയും അതിൽ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. ആദ്യ മനുഷ്യനെപ്പോലെ, താൻ വായിച്ച കാര്യങ്ങൾ അവൻ മറക്കുന്നില്ല. അവൻ പറയുന്നത് ചെയ്യുന്നു! *(സങ്കീർത്തനം119:9* കാണുക)

### ബൈബിൾ നമ്മെ ദൈവാനുഗ്രഹത്തിലേക്ക് കൊണ്ടുവരുന്നു.

യാക്കോബ് ദൈവവചനത്തെ "സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം" എന്നാണ് വിളിക്കുന്നത്. ഇത് ദൈവത്തിന്റെ നിയമമാണ്, കാരണം അത് പ്രപഞ്ചത്തിന്റെ പരമോന്നത ഭരണാധികാരി നൽകിയതും ദൈവിക കൽപനയുടെ മുഴുവൻ ശക്തിയും വഹിക്കുന്നതുമാണ്. എന്നിരുന്നാലും, ക്രിസ്ത്യാനിക്ക്, ദൈവത്തിന്റെ ***"കൽപനകൾ ഭാരമുള്ളവയല്ല".(1യോഹന്നാൻ 5:3)*** ദൈവവചനംഅനുസരിക്കുകയെന്നാൽ പാപത്തിന്റെ അടിമത്തത്തിൽ നിന്നോ തടവറയിൽ നിന്നോ സ്വതന്ത്രരായിരിക്കുക എന്നതാണ്. ക്രിസ്ത്യാനികളല്ലാത്ത ആളുകളെ പാപത്തിന്റെ അടിമകളായി ബൈബിൾ വിവരിക്കുന്നു. യേശു പറഞ്ഞു, ***"ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു, പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു.*** *(യോഹന്നാൻ 8:34– 36)* ദൈവം ആഗ്രഹിക്കുന്ന നിലയിൽ അല്ലാതെ ആളുകൾ തങ്ങൾക്കിഷ്ടമുള്ളതു പോലെ ജീവിക്കുമ്പോൾ, അവർ പാപത്തിനും സാത്താനും വഴങ്ങുന്നു. ദൈവവചനത്തോടുള്ളഅനുസരണം എല്ലായ്പ്പോഴും യഥാർത്ഥ സ്വാതന്ത്ര്യവും അധികാരവും നൽകുന്നു.

ക്രിസ്ത്യാനി ഒരിക്കലും മറക്കുന്ന ഒരു കേൾവിക്കാരനാകരുത്. മറിച്ച് "പ്രവർത്തിക്കുന്നവനായിരിക്കണം". ദൈവവചനം മാത്രം ശ്രവിക്കുകയും അത് അനുഷ്ഠിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തിക്ക് എല്ലാ ചെവികളുമുണ്ട്, പക്ഷേ കൈകളും കാലുകളും ഇല്ല!

ദൈവവചനം ശ്രദ്ധയോടെ വായിക്കുന്നതിലും പ്രാവർത്തികമാക്കുന്നതിലുംസ്ഥിരോത്സാഹം കാണിക്കാൻ യാക്കോബ് നമ്മോട് പറയുന്നു.തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു: ***"എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും" എന്നു പറഞ്ഞു.*** *(യോഹന്നാൻ 8: 31– 32)*

ദൈവഹിതം "ചെയ്യുന്നതിൽ" നാം അനുഗ്രഹിക്കപ്പെട്ടവരാണെന്ന് അല്ലെങ്കിൽ സന്തുഷ്ടരാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് യാക്കോബ് ഉപസംഹരിക്കുന്നു. ക്രിസ്ത്യാനികൾ എന്ന നിലയിൽ ബൈബിൾ വായിക്കുന്നതിൽ നമുക്ക് വലിയ സന്തോഷം തോന്നുന്നു, എന്നാൽ അത് അനുസരിക്കുന്നതിലാണ് യഥാർത്ഥ സന്തോഷം ലഭിക്കുന്നതെന്ന് യാക്കോബ് ഊന്നിപ്പറയുന്നു.

**ഇത് ബൈബിൾ എന്ന പഠനത്തിലെ രണ്ട് യൂണിറ്റുകളിൽ രണ്ടാമത്തേതാണ്**

# ഉത്തരക്കടലാസ്സ്
## A2-ബൈബിൾ
### പാഠം 1 - എന്തുകൊണ്ടാണ് ബൈബിൾ വിശ്വസിക്കുന്നത്?

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ________________

**വിലാസം:** ________________

**1. താഴെപ്പറയുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്നെഴുതുക** / 6

A) ബൈബിൾ ദൈവവചനമാണെന്ന് ശാസ്ത്രീയമായി തെളിയിക്കാൻ കഴിയില്ല ________

B) ക്രിസ്ത്യാനികൾ ബൈബിളിന്റെ ചില ഭാഗങ്ങൾ മാത്രം വിശ്വസിച്ചാൽ മതി ________

C) ദൈവവചനം സത്യമാണെന്ന് കർത്താവായ യേശു പ്രസ്താവിച്ചു ________

D) യേശു കർത്താവ് പഴയനിയമത്തിൽ വിശ്വസിച്ചില്ല ________

E) ദൈവത്തിന് കള്ളം പറയാൻ കഴിയില്ല, അതിനാൽ ബൈബിൾ സത്യമാണ് ! ________

F) ക്രിസ്ത്യാനികൾ ദൈവ വചനം വിശ്വാസത്താൽ സ്വീകരിക്കണമെന്ന് ദൈവം ആവശ്യപ്പെടുന്നു. ________

**2. വ്യത്യസ്ത രാജ്യങ്ങളിലെയും വിവിധ കാലഘട്ടങ്ങളിലെയും മനുഷ്യരും ഭരണകൂടങ്ങളും ബൈബിളിനെ നശിപ്പിക്കാൻ കഴിയുന്നതെല്ലാം ചെയ്തു. നിങ്ങൾക്ക് ഇത് എങ്ങനെ വിശദീകരിക്കാനാകും?** / 3

________________

________________

________________

**3. മത്തായി എഴുതിയ സുവിശേഷത്തിൽ യേശുവിനെക്കുറിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രവാചകന്മാർ പറഞ്ഞതിന്റെ നിവൃത്തിയാണെന്നു അഭിപ്രായപ്പെടുന്നു. ഓരോവാക്യങ്ങൾക്കും യോജിച്ച നിവൃത്തിയായ കാര്യങ്ങൾക്ക് നേരെ ഒരു വര വരയ്ക്കുക.** / 5

| | |
|---|---|
| *മത്തായി 26: 54– 56* | യേശു നസ്രത്തിൽ വളർന്നു. |
| *മത്തായി 12:17, 18* | യേശു കഫർന്നഹൂമിലാണ് താമസിച്ചിരുന്നത് |
| *മത്തായി 21:42* | യേശു തള്ളിക്കളഞ്ഞ ഒരു കല്ലായിരുന്നു. |
| *മത്തായി 2:23* | യേശു ആയിരുന്നു തിരഞ്ഞെടുക്കപ്പെട്ട ദാസൻ. |
| *മത്തായി 4:13– 16* | യേശുവിനെ ഒരു പ്രത്യേക വിധത്തിൽ അറസ്റ്റ് ചെയ്തു. |

**4. *പ്രവൃത്തികൾ 17: 10 – 12* വായിച്ച ശേഷം ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** / 5

A) പൗലോസും ശീലാസും ബെരോവയിലുള്ള ഏതു സ്ഥലത്താണ് പോയത്? ________

B) പൗലോസിൽ നിന്ന് ലഭിച്ച സന്ദേശം ആളുകൾ എങ്ങനെയാണ് കൈകൊണ്ടത്? ________

C) അവർ ഓരോ ദിവസവും എന്താണ് ചെയ്തത്? ________

D) ഇത് അവരിൽ എന്ത് സ്വാധീനം ആണ് വരുത്തിയത് ? ________

E) ഇതിൽ നിന്ന് നമുക്ക് എന്താണ് പഠിക്കുവാൻ കഴിയുന്നത്? ________

**5. ബൈബിളിനെ ദൈവ വചനമെന്നനിലയിൽ പ്രതിരോധിക്കാൻ നിങ്ങളെ സഹായിക്കുന്നത് എന്താണ് ? ഈ പഠനം എടുത്തുകാണിച്ച അഞ്ച് വസ്തുതകളിൽ രണ്ടെണ്ണം തിരഞ്ഞെടുത്ത് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക** / 6

________________

________________

________________

________________

**ചിന്തിക്കുക: ബൈബിൾ വിശ്വസിക്കാനുള്ള നിങ്ങളുടെ വ്യക്തിപരമായ അനുഭവത്തെക്കുറിച്ച് ചിന്തിക്കുക. "ബാല്യം മുതൽ" തിരുവെഴുത്തുകൾ അറിയാമായിരുന്ന തിമൊഥെയൊസിനെപ്പോലെയാണോ നിങ്ങൾ? (*2 തിമൊഥെയൊസ് 3:15*) ബെരോവയിലെ ആളുകളുടെ അനുഭവം നിങ്ങൾക്ക് തിരിച്ചറിയാനാകുമോ? (*പ്രവൃത്തികൾ 17: 10 – 12*)**

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A2 - ബൈബിൾ

### പാഠം 2 - ബൈബിൾ എന്തിനു അനുസരിക്കണം?

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. *യാക്കോബ് 2: 20 – 26* ൽ തങ്ങളുടെ വിശ്വാസം പ്രകടമാക്കിയ രണ്ട് പഴയനിയമ വ്യക്തികളുടെ പേരുകൾ പരാമർശിക്കുന്നു. അവർ ആരായിരുന്നു, അവരുടെ വിശ്വാസം പ്രകടമാക്കാൻ അവർ എന്തു ചെയ്തു? / 4

| | വ്യക്തിയുടെ പേര് | അവർ എന്താണ് ചെയ്തത്? |
|---|---|---|
| 1 | | |
| 2 | | |

2. വായന ഭാഗം വായിച്ച ശേഷം, പ്രായോഗിക ജീവിതത്തെക്കുറിച്ച് യാക്കോബ് ക്രിസ്ത്യാനികൾക്ക് നൽകിയ മൂന്ന് നിർദ്ദേശങ്ങൾ എഴുതുക. / 3

3. വായനഭാഗത്തിലെ വാക്യങ്ങൾ വായിച്ചതിന് ശേഷം താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ അവയുടെ അർത്ഥവുമായി ഒരു വര വരച്ച് യോജിപ്പിക്കുക / 3

| | |
|---|---|
| A) ന്യായപ്രമാണം, | വചനം കേൾക്കുകയും മറക്കുകയും ചെയ്യുന്നവർ |
| B) ഉൾനട്ടതു | വചനം അനുസരിക്കുമ്പോൾ സ്വാതന്ത്ര്യം ലഭിക്കുന്നു |
| C) കേൾക്കുന്നവർ | ഒരാളുടെ ജീവിതത്തിൽ വേരൂന്നിയ വചനം |

4. വളരെ പ്രസിദ്ധമായ ഒരു ഉപമയിൽ കർത്താവായ യേശു "കേൾക്കുന്നവരെയും" "ചെയ്യുന്നവരെയും" കുറിച്ച് സംസാരിച്ചു. *(മത്തായി 7:24 – 27)* നിങ്ങളുടെ സ്വന്തം വാക്കുകളിൽ ഈ ഉപമയുടെ അർത്ഥം വിശദീകരിക്കുക. / 6

5. ബൈബിൾ പറയുന്നതു പോലെ ചെയ്യുന്നതിന്റെ പ്രാധാന്യം വിശദീകരിക്കാൻ കണ്ണാടി ഉപയോഗിക്കുന്ന ദൃഷ്ടാന്തം ഉചിതമായിരിക്കുന്നത് എന്തുകൊണ്ട്? / 3

6 തന്റെ ശിഷ്യന്മാർ തന്നിൽ വസിക്കണമെന്നും തന്റെ വചനങ്ങൾ അവരിൽ വസിക്കണമെന്നും കർത്താവായ യേശു വിശദീകരിച്ചു. *(യോഹന്നാൻ 15:7)* ഈ പഠനത്തിൽ നിങ്ങൾ പഠിച്ച കാര്യങ്ങൾ ഉപയോഗിച്ച് ഓരോ ദിവസവും ഇത് ചെയ്യാൻ കഴിയുന്ന വഴികൾ നിർദ്ദേശിക്കുക. / 3

7. *സങ്കീർത്തനം119: 9* വായിച്ചതിനു ശേഷം ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക : / 3

a) ഏത് പ്രായത്തിലുള്ള വ്യക്തിയോടാണ് ഈ ചോദ്യം ബന്ധപ്പെട്ടിരിക്കുന്നത്? ______

b) ക്രിസ്തീയജീവിതത്തിന്റെഏത്കാര്യത്തോടാണ് ഈ ചോദ്യം അഭിസംബോധന ചെയ്യുന്നത്? ______

c) ഈ മേഖലയിൽ എങ്ങനെയാണ് ഒരു വ്യക്തി വിജയിക്കുവാൻ പോകുന്നത്? ______

**ചിന്തിക്കുക:** നിങ്ങളുടെ സ്വന്തം ജീവിതത്തിൽ എന്തെങ്കിലും തിരുത്തുവാൻ ബൈബിളിനെ കണ്ണാടിയായി ഉപയോഗിച്ച ഒരു സന്ദർഭത്തെക്കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാനാകുമോ?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A2- ബൈബിൾ

### പാഠം 3 - ബൈബിളിന്റെ ഉദ്ദേശ്യം എന്താണ്?

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. വെളിച്ചം**

A) ഏതു നിലയിലാണ് ഈ ലോകം ആത്മീയമായും ധാർമ്മികമായും ഇരുളടഞ്ഞിരിക്കുന്നത്?

/ 4

B) ബൈബിൾ ഏതു വിധത്തിലാണ് ഒരു പ്രകാശം ആയിരിക്കുന്നത്?

**2. വെള്ളം**

A) ചുവടെയുള്ള പ്രസ്താവനകൾക്ക് നേരെ (✗) അല്ലെങ്കിൽ(✓) നൽകുക

/ 4

യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചുവെന്ന് നാം വിശ്വസിക്കുമ്പോൾ, അവൻ നമ്മെ എന്നേക്കും കഴുകി വൃത്തിയാക്കുന്നു. ______

നാം ക്രിസ്ത്യാനികളായിത്തീർന്നതിനുശേഷം, നാം ഒരിക്കലും പാപം ചെയ്യുന്നില്ല. ______

ദിവസവും നമ്മുടെ പാപങ്ങൾ ഏറ്റുപറയണം. ______

ആത്മീയ ശുചിത്വത്തിന് ബൈബിൾ വായിക്കേണ്ടത് അത്യാവശ്യമാണ്. ______

B) എന്തുകൊണ്ടാണ് ബൈബിൾ വെള്ളം പോലെയാകുന്നു എന്ന് പറയുന്നത് ? നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിവരിക്കുക?

/ 2

**3. വാൾ**

***മത്തായി 4: 1– 11*** വായിച്ചതിനു ശേഷം ഓരോ പ്രലോഭനവും എന്താണെന്നും യേശു അതിനെ എങ്ങനെ തരണം ചെയ്തുവെന്നും വിശദീകരിക്കുക.

/ 6

| | പ്രലോഭനം | യേശു അതിനെ എങ്ങനെ മറികടന്നു |
|---|---|---|
| 1. | | |
| 2. | | |
| 3. | | |

**4. വിത്ത്**

ദൈവ വചനമായ "വിത്ത്" വിതയ്ക്കുന്നതിനുള്ള നാല് പ്രതികരണങ്ങൾ വിശദീകരിച്ചുകൊണ്ട് ചുവടെയുള്ള വിവരങ്ങൾ പൂരിപ്പിക്കുക. ആദ്യത്തേത് നിങ്ങൾക്കായി ചെയ്തു.

/ 6

| മണ്ണിന്റെ തരം | എന്താണ് സംഭവിച്ചത് | ഇതിന്റെ അർത്ഥം |
|---|---|---|
| വഴി | പക്ഷികൾ വിത്തുകൾ തിന്നു. | സാത്താൻ ദൈവവചനത്തിന്റെ വിത്ത് തട്ടിയെടുക്കുന്നു. |
| | | |
| | | |
| | | |

**5. ചുറ്റിക**

A) യിരെമ്യാവിന്റെ കാലഘട്ടത്തിൽ വചനം ഒരു ചുറ്റികയോട് സാദൃശ്യപെടുത്തിയതെന്തുകൊണ്ട്?

/ 3

B) ഏതു വിധത്തിലാണ് ദൈവ വചനം ഒരു ചുറ്റിക പോലെ ആയിരിക്കുന്നത്?

C) പ്രലോഭന സമയങ്ങളിൽ ദൈവവചനം അനുദിനം വായിക്കുന്നത് എപ്രകാരമാണ് സഹായകമാകുന്നത്?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്

## A2 -ബൈബിൾ

### പാഠം 4 - ആരാണ് ദൈവവചനം

അദ്ധ്യാപകന്റെ അഭിപ്രായം:

1. വായന ഭാഗം വായിച്ചതിനു ശേഷം താഴെ കാണുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്നെഴുതുക: / 5

A) യേശു കർത്താവ് ഈ ഭൂമിയിൽ വന്നപ്പോൾ വചനമായി മാറി ______

B) യേശു കർത്താവാണ് സകലസൃഷ്ടികൾക്കും ഉത്തരവാദി ______

C) യേശു കർത്താവ് മുമ്പും ഇപ്പോഴും എന്നേക്കും ദൈവമാണ്. ______

D) യേശു കർത്താവിനെക്കുറിച്ചു യോഹന്നാൻ സൂചിപ്പിച്ചിട്ടേയില്ല ______

E) യേശു കർത്താവ് ഒരിക്കലും ഒരു യഥാർത്ഥ മനുഷ്യനായിരുന്നില്ല ______

2. യേശു സംസാരിച്ചപ്പോൾ ജനങ്ങൾ അവന്റെ ഉപദേശത്തിൽ ആശ്ചര്യപ്പെട്ടുവെന്ന് പല അവസരങ്ങളിലും നാം മനസിലാക്കിയിട്ടുണ്ട്. എന്തുകൊണ്ടാണ് അവർ ആശ്ചര്യപ്പെട്ടത് ? / 4

______

3. *യോഹന്നാൻ 19: 28–30* വായിച്ചശേഷം ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. / 5

A) യേശുവിന് എന്ത് അറിയാമായിരുന്നു? ______

B) യേശു എന്താണ് ആഗ്രഹിച്ചത്? ______

C) അവർ അവന് എന്താണ് നൽകിയത്? ______

D) എന്താണ് യേശുവിന്റെ അവസാന വാക്കുകളായി യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത് ? ______

E) ഈ വാക്കുകൾ എന്താണ് അർത്ഥമാക്കിയത്? ______

4. യേശു തന്റെ വാക്കുകൾക്ക് എന്ത് അവകാശവാദങ്ങളാണ് ഉന്നയിച്ചത്: / 4

A) *യോഹന്നാൻ 14:24*

______

B) *യോഹന്നാൻ 17: 8*

______

5. *യോഹന്നാൻ 6: 35, 51* വായിക്കുക. തന്റെ അടുക്കൽ വരുന്നവർക്ക് ഒരിക്കലും വിശക്കുകയില്ലെന്ന് യേശു പറഞ്ഞപ്പോൾ എന്താണ് ഉദ്ദേശിച്ചത്? / 4

______

6. ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്ക് എങ്ങനെ ആത്മീകമായി ശക്തരാകാൻ കഴിയും? / 3

______

ആകെ മാർക്ക് / 25 ആകെ യൂണിറ്റ് മാർക്ക് / 100

© Bible Educational Services | Visit : www.besweb.com | 6/2022

## ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A2 -ബൈബിൾ

## പാഠം 3 - ബൈബിളിന്റെ ഉദ്ദേശ്യം എന്താണ്?

**വായനഭാഗം:**
**മർക്കോസ് 4: 1– 20**
**താക്കോൽ വാക്യം:**

**"'നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു; അതു അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു". സങ്കീർത്തനം 119:130**

ചില സത്യങ്ങളുടെ അർത്ഥം വിശദീകരിക്കാൻ ബൈബിൾ "ചിത്രമാനമായവാക്കുകൾ" ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, യേശു തന്നെക്കുറിച്ച് പറഞ്ഞു, ***"ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവൻ കൊടുക്കുന്നു." (യോഹന്നാൻ 10:11)*** യേശു മരിച്ചത് എന്തിനാണെന്നും ആർക്കുവേണ്ടിയാണെന്നും മനസ്സിലാക്കുവാൻ ഈ ചിത്ര സമാനമായ വാക്കുകൾ നമ്മെ സഹായിക്കുന്നു.

നാം മുമ്പത്തെ പഠനങ്ങളിൽ ബൈബിൾ സ്വയം പാലിനോടും *(1 പത്രോസ് 2: 2)* ഒരു കണ്ണാടിയോടും ഉപമിക്കുന്നത് കണ്ടു, *(യാക്കോബ് 1: 23– 25).* ഈ പഠനത്തിൽ ബൈബിൾ സ്വയം വിവരിക്കാൻ ഉപയോഗിക്കുന്ന അഞ്ച് പദചിത്രങ്ങൾ കൂടി നോക്കാൻ പോകുന്നു. ബൈബിൾ എത്ര അമൂല്യമാണെന്നും നാം അത് ദിവസവും വായിക്കുന്നത് എന്തുകൊണ്ട് പ്രധാനമാണെന്നും ഈ പദചിത്രങ്ങൾ നമുക്ക് കാണിച്ചുതരുന്നു.

### 1. പ്രകാശം

ആത്മീയമായും ധാർമ്മികമായും ഇരുണ്ട ഒരു ലോകത്താണ് നാം ജീവിക്കുന്നത്. ക്രിസ്ത്യാനികൾ എന്ന നിലയിൽ പോലും, നമ്മുടെ ജീവിതത്തിൽ ഏത് വഴിയാണ് പോകേണ്ടതെന്ന് അറിയാൻ നാം ഇപ്പോഴും ബുദ്ധിമുട്ടുകയാണ് . ***സങ്കീർത്തനം 119: 105*** ൽ നാം വായിക്കുന്നത്: ***"നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു"***. ഈവാക്യത്തിൽ ദൈവവചനം ഒരു പ്രകാശമായി വിവരിച്ചിരിക്കുന്നു; ദൈവത്തിലേക്കുള്ള വഴി കണ്ടെത്താനും നമ്മുടെ ജീവിതത്തിൽ നമ്മെ നയിക്കാനും നമുക്ക് ബൈബിൾ ആവശ്യമാണ്. സങ്കീർത്തനക്കാരൻ ***സങ്കീർത്തനം119:130*** ലും പറയുന്നു, ***"നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു; "*** നാം ബൈബിൾ വായിക്കുമ്പോൾ, ദൈവം നമ്മെത്തന്നെ വെളിപ്പെടുത്തുകയും നാം എങ്ങനെ ജീവിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നുവെന്ന് കാണിക്കുകയും ചെയ്യുന്നു.

### 2. വെള്ളം

നാം സുവിശേഷത്തിൽ വിശ്വസിച്ചപ്പോൾ നമ്മുടെ പാപത്തിൽ നിന്ന് നാം ശുദ്ധീകരിക്കപ്പെട്ടു. ദൈവത്തിന്റെ സന്നിധിയിൽ നാം എന്നേക്കും ശുദ്ധരാണ്. എന്നിട്ടും നമുക്ക് ഇപ്പോഴും നമ്മുടെ പാപ സ്വഭാവമുണ്ട്, ഓരോ ദിവസവും നമുക്ക് പാപം ചെയ്യുന്നു. ഇതിൽ നിന്നും ശുദ്ധീകരണം നമുക്ക് ആവശ്യമാണ്. യോഹന്നാൻ പറയുന്നു: ***"നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നുവെങ്കിൽ, അവൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യുന്ന വിശ്വസ്തനും നീതിമാനും ആകുന്നു. "***



യോർദാൻ നദി

*(1 യോഹന്നാൻ 1:9)* നാം ദിവസവും നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയാണെങ്കിൽ, ഓരോ ദിവസവും അവൻ നമ്മോട് ക്ഷമിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യും. ഇത് എങ്ങനെ സംഭവിക്കു***ന്നു? യോഹന്നാൻ 15:3 ൽ യേശു നമുക്ക് ഒരു സൂചന നൽകുന്നു. "ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തംനിങ്ങൾ ശുദ്ധരാണ്"*** നമ്മുടെ ശരീരം കഴുകുവാൻ വെള്ളം ഉപയോഗിക്കുന്നതു പോലെ, നമ്മുടെ ആത്മീയ ശുചിത്വത്തിന് ദൈവവചനം അത്യന്താപേക്ഷിതമാണ്.

### 3. വാൾ

ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന് പിശാചുമായുള്ള നമ്മുടെ പോരാട്ടമാണ്. യേശു സാത്താന്റെ ആക്രമണങ്ങളെ നേരിട്ടതുപോലെ, നാമും നേരിടേണ്ടി വരും! ***എഫെസ്യർ 6:10– 17*** ൽ ഇത് ഉദാഹരിക്കുന്നതിന് സഹായകമായ ഒരു ചിത്രം പൗലോസ് പറയുന്നുണ്ട്. ക്രിസ്ത്യാനിയുടെ പടച്ചട്ടയെ ആറ് ഭാഗങ്ങളായി വിവരിച്ച ശേഷം , ***"... ദൈവ വചനമായ ആത്മാവിന്റെ വാൾ കൈക്കൊൾവിൻ". (വാക്യം 17)*** ദുഷ്ടന്റെ ആക്രമണങ്ങളിൽ നിന്ന് സ്വയം പ്രതിരോധിക്കാൻ നാം ഉപയോഗിക്കുന്ന "വാളാണ്" ബൈബിൾ. ***(മത്തായി 4: 1– 11)*** യേശു സാത്താന്റെ ആക്രമണങ്ങൾക്ക്, "ആത്മാവിന്റെ വാൾ" ധരിച്ചുകൊണ്ട് "ഇങ്ങനെഎഴുതിയിരിക്കുന്നുവല്ലോ" എന്ന് മൂന്നു പ്രാവശ്യം പറഞ്ഞുകൊണ്ട് യേശു സാത്താനെ വിജയകരമായി കീഴടക്കി.. ബൈബിളിനെ നാം എത്രയധികം അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നുവോ അത്രയധികം പിശാചിന്റെ ആക്രമണങ്ങളിൽ നിന്ന് സ്വയം പ്രതിരോധിക്കാൻ നമുക്ക് കഴിയും.



ചോളം

### 4. വിത്ത്

"വിതയ്ക്കുന്നവന്റെ ഉപമ"യിൽ ***(മർക്കോസ് 4:120),*** യേശു കർഷകൻ വിതറിയ വിത്ത് ***"വിതക്കുന്നവൻ വചനം വിതയ്ക്കുന്നു"*** എന്ന ദൈവ വചനത്തിന്റെ ചിത്രമാണെന്ന് വിശദീകരിച്ചു. ***(വാക്യം 14)*** ദൈവവചനം പ്രസംഗിക്കുന്നതിനുള്ള നാലു പ്രതികരണങ്ങളെ പ്രതിനിധാനം ചെയ്യുന്ന നാല് തരം നിലങ്ങളിൽ വിതച്ചവന്റെ വിത്ത് വീണു. ആദ്യത്തെ മൂന്ന് തരം മണ്ണ് ഫലം പുറപ്പെടുവിച്ചില്ല, എന്നാൽ നാലാമത്തേത് ദൈവ വചനം സ്വീകരിക്കുകയും പ്രയോജനം നേടുകയും ചെയ്ത ആളുകളെ പ്രതിനിധീകരിക്കുന്നു. അങ്ങനെയാണ് നാം പതിവായി ബൈബിൾ വായിക്കുകയും അതിലെ സന്ദേശം ഹൃദയത്തിൽ സ്വീകരിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നതിലൂടെ, ദൈവ മഹത്വത്തിനായി നാം നമ്മുടെ ജീവിതത്തിൽ ആത്മീയ ഫലം പുറപ്പെടുവിക്കുന്നു.

### 5. ചുറ്റിക

ദൈവത്തിന്റെ ജനമായ ഇസ്രായേല്യർ, താൻ കൊണ്ടുവന്ന ദൈവവചനം ശ്രദ്ധിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഒരു പ്രവാചകനായിരുന്നു യിരമ്യാവ്. എന്നിരുന്നാലും, യിരമ്യാവ് വിശ്വസ്തതയോടെ ഒരേ സന്ദേശം ഇടയ്ക്കിടെ അറിയിച്ചു കൊണ്ടിരുന്നു. അവൻ ഒരു ചുറ്റികയുടെ ചിത്രം ഉപയോഗിച്ചതിൽ അതിശയിക്കാനില്ല, കാരണം ഇത് ഉറപ്പുള്ളതാണ്.നിരന്തരമായി ദൈവ വചനം കൊണ്ട് പ്രഹരമേൽപിച്ചപ്പോൾ , ചില ഫലങ്ങൾ നേടുവാൻ തുടങ്ങി. ***"എന്റെ വചനം തീ പോലേയും പാറയെ തകർക്കുന്ന ചുറ്റിക പോലെയും അല്ലയോ?" (യിരെമ്യാവു23:29)*** ദൈവവചനത്തിന്റെ ദൈനംദിന വായന നിങ്ങളുടെ ഹൃദയത്തെയും ജീവിതത്തെയും മാറ്റുന്നുണ്ടോ?

**ഇത് ബൈബിൾ എന്ന പഠനത്തിലെ രണ്ട് യൂണിറ്റുകളിൽ രണ്ടാമത്തേതാണ്**

ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A2 -ബൈബിൾ

## പാഠം 4 - ആരാണ് ദൈവവചനം

വായനഭാഗം:

**യോഹന്നാൻ 1: 1–14**

താക്കോൽ വാക്യം:

**"വചനം ജഡമായിതീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു"**
**യോഹന്നാൻ 1:14**

ഈ പഠനങ്ങളിൽ നാം ബൈബിളിനെ "ജീവനുള്ള ദൈവവചനം" എന്നാണ് വിശേഷിപ്പിക്കുന്നത്. അതുപോലെ തന്നെ കർത്താവായ യേശുക്രിസ്തുവിനെ നമുക്ക് ദൈവവചനമായികണക്കാക്കുവാൻ സാധിക്കും എന്നുള്ളത് പ്രാധാന്യം ഉള്ള കാര്യമാണ്. ***യോഹന്നാൻ 1:1*** ൽനാം വായിക്കുന്നു: ***"ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു"*** അതുകൊണ്ട് ദൈവ വചനം എന്നത് ബൈബിളും യേശുവിന്റെ വ്യക്തിത്വവുമാണ്.

### വചനം (കർത്താവായ യേശു) നിത്യമാണ്.

യേശു ഏകദേശം 33 വർഷം ഈ ഭൂമിയിൽ ജീവിച്ചിരുന്ന ഒരാളായി ചിലർ കരുതുന്നു, എന്നാൽ ബൈബിൾ നമ്മോട് പറയുന്നത് "അവൻ ആദിയിൽ ദൈവത്തോട് കൂടെയായിരുന്നു" എന്നാണ്. ***(യോഹന്നാൻ 1:2)*** കർത്താവായ യേശു നിത്യനാണ്; അവന് ആദിയും അവസാനവും ഇല്ല. ***വെളിപ്പാട് 1:18*** ൽ യേശു പറയുന്നു, ***"ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു;"***



ബഹിരാകാശ ദൂരദർശിനിയിൽ ESA എടുത്ത ചിത്രം. ശാസ്ത്രജ്ഞന്മാർ ചിലപ്പോൾ പറയുന്നത് പ്രപഞ്ചത്തിന് തുടക്കവും അവസാനവുമില്ല.

### വചനം (കർത്താവായ യേശു) ദൈവത്തിന്റെ വചനങ്ങൾ മാത്രമാണ് സംസാരിച്ചത്.

***യോഹന്നാൻ 3:34ൽ. "ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു"*** നാം ഗിരിപ്രഭാഷണം എന്ന് വിശേഷിപ്പിക്കുന്ന യേശുവിന്റെ ഉപദേശം താൻ പൂർത്തിയാക്കിയപ്പോൾ ജനക്കൂട്ടം അവന്റെ ഉപദേശത്തിൽ ആശ്ചര്യപ്പെട്ടു, കാരണം അവരുടെ ശാസ്ത്രിമാരെപ്പോലെയല്ല ***"അവൻ അധികാരമുള്ളവനായിട്ടത്രെ അവരെ ഉപദേശിച്ചത്.. " (മത്തായി 7:28– 29)*** അവന്റെ അധരങ്ങളിൽ നിന്ന് വന്ന ഓരോ വാക്കും ദൈവത്തിന്റെ അധികാരത്തോടെയാണ് വന്നത്.



യേശു ഗിരിപ്രഭാഷണം നടത്തിയ യിസ്രായേലിലെ ഗ്രാമപ്രദേശം.

### വചനം (കർത്താവായ യേശു) ദൈവത്തിന്റെ എല്ലാ വചനങ്ങളും നിവർത്തിച്ചു.

യേശു പലപ്പോഴും പഴയനിയമത്തിൽ നിന്ന് ഉദ്ധരിക്കുകയും താൻ ചെയ്യുന്നത് പ്രവാചകന്മാരുടെ വാക്കുകളുടെ നിവൃത്തിയാണെന്ന് കാണിക്കുകയും ചെയ്തുവെന്ന് നാം ഇതിനകം മനസ്സിലാക്കിയിട്ടുണ്ട്. ഉദാഹരണത്തിന്, "അവൻ ഒരു വാക്കുകൊണ്ട് ദുരാത്മാക്കളെ പുറത്താക്കുകയും രോഗികളായഎല്ലാവരെയും സുഖപ്പെടുത്തുകയും ചെയ്തു. വൈകുന്നേരം ആയപ്പോൾ പല ഭൂതഗ്രസ്തരെയുംഅവന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ വാക്കുകൊണ്ടു ദുരാത്മാക്കളെ പുറത്താക്കി സകലദീനക്കാർക്കും സൌഖ്യം വരുത്തി.

അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്നു യെശയ്യാപ്രവാചകൻ പറഞ്ഞതു നിവൃത്തിയാകുവാൻ തന്നേ. ***(മത്തായി 8:16– 17) പിന്നീട് അവൻ കുരിശിൽ മരിച്ചപ്പോൾ, ഇപ്രകാരം പറഞ്ഞു അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു തിരുവെഴുത്തു നിവൃത്തിയാകും വണ്ണം: എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു." (യോഹന്നാൻ 19:28)*** ഇതിനെ തുടർന്ന്, താൻ ***"എല്ലാം നിവൃത്തിയായി !"*** എന്ന് പറയുകയുണ്ടായി, എന്തെല്ലാം സംഭവിക്കും എന്ന് ദൈവം പറഞ്ഞതെല്ലാം നിവൃത്തിയായി. ദൈവ പുത്രൻ വ്യക്തമായും ദൈവ വചനം പൂർണമായുംനിവൃത്തിച്ചു. ഇനി ഒന്നും നിറവേറുവാൻ ബാക്കിയില്ല!

### വചനം (കർത്താവായ യേശു) ഓരോരുത്തരുടേയും ആവശ്യത്തെ തൃപ്തിപ്പെടുത്തുന്നു.

യേശു പരീക്ഷിക്കപ്പെട്ടപ്പോൾ പഴയനിയമത്തിലെ വാക്കുകൾ ഉദ്ധരിച്ചത് നാം കണ്ടു. അവന്റെ വിശപ്പിനെക്കുറിച്ച് പ്രലോഭിപ്പിച്ചപ്പോൾ, ***"ഈ കല്ലുകളോട്അപ്പമാകാൻ കൽപ്പിക്കുക"*** എന്നതായിരുന്നു വെല്ലുവിളി. ***(മത്തായി 4:3) ആവർത്തനപുസ്തകം8:3*** ൽ നിന്നുള്ള വാക്യങ്ങൾ ഉദ്ധരിച്ചു കൊണ്ടായിരുന്നു യേശു ഉത്തരം പറഞ്ഞത്, ***"മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്ന് വരുന്ന എല്ലാ വചനം കൊണ്ടും ജീവിക്കും".*** സാത്താനോടുള്ള തന്റെ മറുപടിയിൽ, നമ്മെ ജീവനോടെ നിലനിർത്താൻ ഭൌതിക ഭക്ഷണത്തിനു പുറമേ, നമുക്ക് ആത്മീയ ആഹാരവും ആവശ്യമാണെന്ന് യേശു വ്യക്തമാക്കുന്നു ദൈവവചനം. സമാനമായി, തന്നെ വിശ്വസിക്കുകയും പിന്തുടരുകയും ചെയ്യുന്നവരെ ആത്മീയമായി പോഷിപ്പിക്കുവാൻ കഴിയുന്ന അപ്പമാണ് താൻ എന്ന് യേശു വ്യക്തമാക്കി കാണിച്ചുതന്നു. ***"ഞാൻ ജീവന്റെ അപ്പമാണ്, എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല" (യോഹന്നാൻ 6:35)*** നാം ദിവസവും ബൈബിൾ വായിക്കുകയും യേശുവിനെ വിശ്വസിക്കുകയും അനുഗമിക്കുകയും ചെയ്യുമ്പോൾ മാത്രമേ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നാം ശക്തരായ ക്രിസ്ത്യാനികൾ ആകുകയുള്ളൂ .

**ഇത് ബൈബിൾ എന്ന പഠനത്തിലെ രണ്ട് യൂണിറ്റുകളിൽ രണ്ടാമത്തേതാണ്**

© Bible Educational Services | Visit : www.besweb.com | 6/2022